## ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യം : മുഖ്യമന്ത്രി



ഭവനരഹിതരില്ലാത്ത കേരളമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ പ്രതിജ്ഞാബദ്ധതയോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലൈഫ് മിഷന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 71,861 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 1,41,257 വീടുകളാണ് നിർമ്മാണത്തിനായി കരാർ വച്ചത്. ഇതിൽ 15,518 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. ലക്ഷ്യമിട്ടതിലും ഇരട്ടി വീടുകളുടെ നിർമ്മാണം നടക്കുകയാണെന്ന യാഥാർത്ഥ്യം ലൈഫ് മിഷനെതിരെ പ്രചാരണം നടത്തുന്നവർക്കുള്ള മറുപടിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. നവകേരളം സദസ്സിന്റെ ഭാഗമായി പയ്യന്നൂരിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയിരുന്നു അദ്ദേഹം. എല്ലാവരും സുരക്ഷിതമായ പാർപ്പിടത്തിൽ ജീവിക്കണം എന്ന ലക്ഷ്യബോധമാണ് ലൈഫിന്റെ രൂപീകരണത്തിലെത്തിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## ലൈഫ് പദ്ധതിക്ക് 25 കോടി കൂടി

ലൈഫ് പാർപ്പിട പദ്ധതിക്ക് പട്ടിക വർഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണത്തിനായി സർക്കാർ 25 കോടി രൂപ കൂടി അനുവദിച്ചു. ലൈഫ് പദ്ധതിയിൽ കേരളം 18,000 കോടി രൂപ ചെലവിട്ടു. ഇതിന്റെ 91.61 ശതമാനവും കേരളവും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണങ്ങളും ചെവഴിച്ച തുകയാണ്. കേന്ദ്രവിഹിതം 8.33 ശതമാനം. നാല് ലക്ഷം രൂപയാണ് ഒരു ഗുണഭോക്താവിന് വീട് വയ്ക്കാൻ നൽകുന്നത്. ഇതുവരെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ വീട് വയ്ക്കുന്നവർക്ക് ആറ് ലക്ഷം രൂപയും അല്ലാത്തവർക്ക് നാല് ലക്ഷം രൂപയുമാണ് നൽകിയിരുന്നത്. എന്നാൽ സങ്കേതങ്ങൾക്ക് പുറത്ത് വീട് വയ്ക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഇപ്പോൾ ആറ് ലക്ഷം രൂപ നൽകുന്നുണ്ട്. ഇതുവരെ 3,58,371 കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ വീട് ലഭിച്ചു. നാല് ഫ്ലാറ്റ് സമുച്ചയങ്ങളും നാടിന് സമർപ്പിച്ചു. 1,26,438 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അതിദാരിദ്ര്യ നിർണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഭവനരഹിതരിൽ 516 കുടുംബങ്ങൾക്കും ഇതിനകം തന്നെ വീട് യാഥാർത്ഥ്യമായി.

## മനസ്സോടിത്തിരി മണ്ണ് ഭൂമി നൽകിയവർക്ക് ആദരം

ലൈഫ് മിഷൻ മനസ്സോടിത്തിരി മണ്ണ് കാമ്പയിന്റെ ഭാഗമായി അഡ്വ. എ. ഗോപാലൻ നായർ ഒരേക്കർ ഭൂമിയും ആലീസ് ജോസഫ് 60 സെന്റും ടി.വി. സുരേശൻ 10 സെന്റും കൈമാറി. കാസർഗോഡ് ജില്ലയിൽ ഉദുമ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ നടന്ന നവകേരളം സദസിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇവരെ ആദരിച്ചു.







എഡിറ്റോറിയൽ

## നവകേരളം കർമപദ്ധതി ജില്ലാതല അവലോകനം



നവകേരളം കർമപദ്ധതി-2ന്റെ ജില്ലാതല അവലോകനയോഗങ്ങൾ സംസ്ഥാനത്ത് നടന്നു വരികയാണ്. ഇതിനകം തന്നെ പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ അവലോകന യോഗം ചേരുകയുണ്ടായി. ഹരിതകേരളം മിഷൻ, ആർദ്രം, ലൈഫ്മിഷൻ, വിദ്യാകിരണം എന്നീ മിഷനുകളുടെ പ്രവർത്തനങ്ങളും ഇപ്പോൾ നടന്നുവരുന്ന വിവിധ പദ്ധതികളുടെ പുരോഗതിയുമാണ് പ്രധാനമായും ചർച്ചയിൽ വരുന്നത്. ഇതുകൂടാതെ 2024 മാർച്ച് 31 നകം പൂർത്തിയാക്കേണ്ട പദ്ധതികളും പ്രത്യേക വിഷയമായി എടുക്കുന്നുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ കോർഡിനേറ്റർ തുടങ്ങി അതത് ജില്ലാ മിഷൻ ടീമംഗങ്ങളും നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും സംസ്ഥാന ടീം അംഗങ്ങളും അവലോകന യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ മേഖലാതല അവലോകന യോഗ തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും നവകേരളം കർമപദ്ധതിയുടെ ഭാഗമായി ജില്ലകളിൽ പ്രവർത്തിക്കുന്ന വിവിധ മിഷനുകളുടെ പ്രവർത്തനങ്ങളും പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടാണ് അവലോകന യോഗം സംഘടിപ്പിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങളിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതായാണ് ഇതുവരെ പൂർത്തിയായ രണ്ട് ജില്ലകളിലെ അവലോകന യോഗങ്ങളും വ്യക്തമാക്കുന്നത്.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി

## പത്തനംതിട്ടയിൽ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ


നവകേരളം കർമപദ്ധതി പത്തനംതിട്ട ജില്ലാ അവലോകന യോഗം 2023 നവംബർ 22 ന് നടന്നു. ഹരിതകേരളം മിഷൻ, ആർദ്രം, വിദ്യാകിരണം, ലൈഫ് എന്നീ നാലുമിഷനുകളുടെയും പ്രവർത്തനങ്ങൾ ജില്ലയിൽ മികച്ച രീതിയിൽ നടക്കുന്നതായി യോഗം വിലയിരുത്തി. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ വിവിധ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ അഭിപ്രായപ്പെട്ടു. ലൈഫ് മിഷന് ഭൂമി ലഭ്യമാക്കാനായി മനസ്സോടിത്തിരി മണ്ണ് കാമ്പയിൻ ജില്ലയിൽ ശക്തമാക്കുമെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ വ്യക്തമാക്കി. ജില്ലാ കളക്ടർ എ. ഷിബു, ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ, സംസ്ഥാന, ജില്ലാതല വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി. അനിൽകുമാർ, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ ഡോ. ലെജു പി. തോമസ്, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ സി.പി. രാജേഷ്, ആർദ്രം മിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. അംജിത് എന്നിവർ മിഷൻ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. 2024 മാർച്ച് 31നു മുമ്പ് പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളിൽ പ്രതിമാസ അവലോകനം നടത്തും. നെറ്റ് സീറോ കാർബൺ കേരളം, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കും. ജലബജറ്റ് പൂർത്തീകരിച്ച പഞ്ചായത്തുകളിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. ഹരിത കർമസേനയുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനം സംയോജിതമായി ഏറ്റെടുക്കും. എല്ലാ മിഷൻ പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും പ്രതിമാസ അവലോകന യോഗം ഒരുമിച്ചു നടത്തുകയും ചെയ്യും. എല്ലാ മിഷൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാനും അവലോകന യോഗത്തിൽ തീരുമാനിച്ചു.




നീരുറവ് പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി കുന്നമംഗലം ഗ്രാമപഞ്ചായത്ത് ആരംഭിച്ച കമ്മാണ്ടികടവ് തോട് കയർഭൂ വസ്ത്രം വിരിക്കൽ പ്രവർത്തനം പൂർത്തിയായപ്പോൾ.



# കൊല്ലത്ത് നവംബർ 24 ന് നവകേരളം കർമപദ്ധതി അവലോകന യോഗം ചേർന്നു




നവകേരളം കർമപദ്ധതിയുടെ ഭാഗമായ ലൈഫ്, ഹരിത കേരളം, ആർദ്രം, വിദ്യാകിരണം എന്നീ നാല് മിഷനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2024 മാർച്ച് മാസം വരെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമാണ് യോഗം ചേർന്നത്. ജില്ലാ കളക്ടർ ദേവിദാസിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതിയുടെ സംസ്ഥാന ചുമതലക്കാരും വിവിധ മിഷനുകളുടെ സംസ്ഥാന ചുമതലക്കാരും നാലു മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാരും ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

മിഷൻ പ്രവർത്തനങ്ങൾ വിജയകരമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനും എല്ലാ ഉദ്യോഗസ്ഥരുടെയും സഹകരണം ഉറപ്പാക്കണമെന്നും മാസത്തിലൊരിക്കൽ ഇതിനായി പ്രത്യേക യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കണമെന്നും ലൈഫ് മിഷൻ മുഖേന വീടുകൾ നൽകിയ ഉപഭോക്താക്കളുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുകയും അവരുടെ ജീവനോപാധികളുടെ കാര്യങ്ങളിലും ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കണമെന്നും, ആരോഗ്യമേഖലയിൽ ആർദ്രം മിഷന്റെ ഇടപെടലുകൾ താഴെത്തട്ടിൽ ഉണ്ടാവണമെന്നും, വിദ്യാകിരണം മിഷനിലൂടെ വിദ്യാലയങ്ങളിലെ അക്കാദമിക് മികവിലും മറ്റ് അടിസ്ഥാന വികസനത്തിനും ഊന്നൽ നൽകണമെന്നും ഡോ.ടി. എൻ സീമ പറഞ്ഞു. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട മാലിന്യമുക്തം നവകേരളം കാമ്പയിൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ജലബജറ്റ്, നീരുറവ്, സുരക്ഷിതമാക്കാം പശ്ചിമഘട്ടം തുടങ്ങിയ പ്രവർത്തനങ്ങളിൽ എല്ലാ വകുപ്പ് ഉദ്യോഗസ്ഥരെയും ഏകോപിച്ചുള്ള പ്രവർത്തനം ആവശ്യമാണെന്നും. തരിശു രഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡ്, ദേവഹരിതം തുടങ്ങിയ പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെ സഹകരണത്തോടെ പൂർത്തീകരിക്കണമെന്നും നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ കൂട്ടിച്ചേർത്തു.

എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാൻ സാധിക്കുകയുള്ളുവെന്നും യോഗം വിലയിരുത്തി. കളക്ടറേറ്റ് ആത്മാ ഹാളിൽ സംഘടിപ്പിച്ച മിഷൻ യോഗത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശുചിത്വ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ തുടങ്ങിയവർ സംസാരിച്ചു. വിവിധ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ റിപ്പോർട്ട് അവതരിപ്പിച്ചു.

# സ്കിൽ ഷെയർ പദ്ധതി

## കോട്ടയം ജില്ലാതല ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളയിലൂടെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന സ്കിൽ ഷെയർ പദ്ധതിയുടെ കോട്ടയം ജില്ലാതല ഉദ്ഘാടനം സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. കൈപ്പുഴ സെന്റ് ജോർജ് വി.എച്ച്.എസിൽ നടന്ന ചടങ്ങിൽ വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ കെ.ജെ. പ്രസാദ് പദ്ധതി വിശദീകരണം നടത്തി. നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. പ്രദീപ്കുമാർ അധ്യക്ഷനായ ചടങ്ങിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സ്കൂൾ മാനേജർ, പി.ടി.എ. പ്രസിഡന്റ്, അധ്യാപകർ തുടങ്ങിയവർ സംസാരിച്ചു. അതിജീവനത്തോടൊപ്പം ഉപജീവന നൈപുണികൾ കൂടി വികസിപ്പിക്കുന്നതാണ് ഗുണമേന്മയുള്ള വിദ്യാഭ്യാസം. വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന നൈപുണികൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്താനാവും വിധമുള്ളതാണ് സ്കിൽ ഷെയർ പദ്ധതി.



# കോഴിക്കോട് ജില്ലയിലെ ദേവഹരിതം പദ്ധതി

ഹരിതകേരളം മിഷന്റെ ഭാഗമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ പഞ്ചായത്തിലെ പന്നിക്കോട് ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നടപ്പിലാക്കുന്ന ദേവഹരിതം പദ്ധതിയുടെ അടുത്ത ഘട്ടം ഉദ്ഘാടനം 2023 നവംബർ 16 ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ഷിബു നിർവഹിച്ചു. ക്ഷേത്ര പരിസരത്ത് വെച്ചുപിടിപ്പിച്ച തീറ്റപ്പുൽകൃഷി വിളവെടുത്തുകൊണ്ട് നടത്തിയ ഉദ്ഘാടന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫസൽ കൊടിയത്തൂർ അധ്യക്ഷത വഹിച്ചു.

ക്ഷേത്രങ്ങളിലെ കാവുകൾ കാലത്തിനൊത്ത രീതിയിൽ വൈവിധ്യവും പുതുമയുള്ളതുമാക്കി പുനരുജ്ജീവിപ്പിക്കുന്നതാണ് പദ്ധതി. കഴിഞ്ഞ വർഷമാണ് മൂന്നര



എക്കറോളം വരുന്ന ക്ഷേത്രപരിസരത്ത് പദ്ധതി ആരംഭിക്കുന്നത്. 2022 ഓഗസ്റ്റ് 11 ന് ക്ഷേത്രത്തിൽ പച്ചതുരുത്ത് സ്ഥാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കറിവേപ്പില, മുരിങ്ങ, റംബൂട്ടാൻ, മാവ്, നെല്ലി, ഞാവൽ, മഗോസ്റ്റിൻ, കണിക്കൊന്ന, നാരകം തുടങ്ങി വിവിധ ഇനങ്ങളില്പള്ള 250 ഓളം തൈകൾ വെച്ചുപിടിപ്പിക്കുകയും 30 സെന്റോളം സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തുകയും ചെയ്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ക്ഷേത്രത്തിലെ കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിനാവശ്യമായ മോട്ടോർ ഉൾപ്പെടെ സ്ഥാപിച്ചു നൽകുമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

# തളിർ ഏകദിന ശില്പശാല

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്കിലെ 44 വിദ്യാലയങ്ങളും ഹരിത വിദ്യാലയങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തളിർ പദ്ധതി ശില്പശാല സംഘടിപ്പിച്ചു. ബ്ലോക്ക് പ്രസിഡന്റ് സിംന




സന്തോഷ് ഉദ്ഘാടനം നിർവഹിച്ചു. അഞ്ച് പഞ്ചായത്തുകളിലെയും പ്രസിഡന്റ്, മെമ്പർമാർ, ഉദ്യോഗസ്ഥർ, ബ്ലോക്ക് തല ആർപിമാർ, ടീച്ചർമാർ തുടങ്ങിയവർ പങ്കെടുത്തു. ഹരിത വിദ്യാലയം പദ്ധതിയോടൊപ്പം എല്ലാ പഞ്ചായത്തുകളും, ഘടക സ്ഥാപനങ്ങളും ഹരിത ഓഫീസ്, ശുചിത്വ പഞ്ചായത്ത് എന്നിവ ആക്കി മാറ്റുകയാണ് ലക്ഷ്യം.

# കണ്ണൂർ മണ്ഡലം ഹരിത കർമസേന അംഗങ്ങൾക്ക് ഹെൽത്ത് കാർഡ്

നവകേരള സദസ്സിന്റെ ഭാഗമായി കണ്ണൂർ നിയമസഭ മണ്ഡലത്തിലെ ഹരിത കർമസേനാംഗങ്ങൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്തു. കണ്ണൂർ കോർപറേഷൻ പരിധിയിലെ ഹരിത കർമസേനാംഗങ്ങളുടെ ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചാണ് ഹെൽത്ത് കാർഡ് വിതരണം ചെയ്തത്. വാതിൽപ്പടി മാലിന്യ



ശേഖരണത്തിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച ഹരിത കർമ സേനാംഗങ്ങളെ ചടങ്ങിൽ ആദരിച്ചു. 2023 നവംബർ 18 ന് കണ്ണൂർ താലൂക്ക് ഓഡിറ്റോറിയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. പരിശോധനാ ക്യാമ്പ് കണ്ണൂർ എം.എൽ.എ രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

# അമൽ കോളേജിൽ മാസ്സ് ക്ലീനിങ്

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ അമൽ കോളേജിലെ എൻഎസ്എസ് യൂണിറ്റുമായി ചേർന്ന് മാസ് ക്ലീനിങ് സംഘടിപ്പിച്ചു. നവകേരളത്തിനായി ക്യാമ്പസുകൾ എന്ന കാമ്പയിന്റെ തുടർച്ചയായിട്ടാണ് മാസ് ക്ലീനിങ് സംഘടിപ്പിച്ചത്. മണ്ണുപ്പാടം മുതൽ എരിഞ്ഞിമങ്ങാട് വരെയാണ് വിദ്യാർത്ഥികൾ മാലിന്യങ്ങൾ നീക്കം ചെയ്തത്. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ നാദിർഷാ, ഇന്റേൺസ് ജോഷ്വ ജോൺ, ഐശ്വര്യ പി. എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. അമൽ കോളേജ് എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ഫവാസ് പി., ഡോ. ഷമീമ ടി., ചാലിയാർ പഞ്ചായത്ത് വി.ഇ.ഒ. ജാൻസി ആർ., ചാലിയാർ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അനീഷ്, ഏഴാം



വാർഡ് മെമ്പർ ആയ സുമയ്യ പൊന്നൻകടവൻ എന്നിവർ പങ്കെടുത്തു. അമൽ കോളേജിലെ 100 ൽ ഏറെ വരുന്ന എൻഎസ്എസ് വോളണ്ടിയർമാരാണ് ക്ലീനിങ് നടത്തിയത്.

## ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം - മഞ്ചാടി

മഞ്ചാടി ഗണിത ഗവേഷണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിൽ നിന്നുള്ള അധ്യാപകരുടെ അവലോകനയോഗം കാട്ടാക്കട ബി.ആർ.സി.യിൽ വച്ച് നടന്നു. സെപ്റ്റംബർ മാസത്തിൽ നടത്തിയ അധ്യാപക പരിശീലനത്തിന്റെ തുടർച്ചയായി വിദ്യാലയങ്ങളിൽ ഭിന്നസംഖ്യ പഠനം ആരംഭിച്ചിരുന്നു. പഠനത്തിന്റെ വിലയിരുത്തൽ, പഠന രീതിയുടെ തുടർ സാധ്യതകൾ എന്നിവ ക്ലാസ് മുറികളിൽ പ്രയോഗിച്ചതിന്റെ



അനുഭവത്തിൽ അധ്യാപകർ സംസാരിച്ചു. മുൻ പാഠഭാഗങ്ങൾ മനസ്സിലാക്കാതിരുന്നവർ കൂടി ഭിന്നസംഖ്യ എളുപ്പത്തിൽ ചെയ്യുന്നു എന്നത് പദ്ധതിയുടെ വിജയമായി കണക്കാക്കാം എന്ന് അധ്യാപകർ വിലയിരുത്തി. മഞ്ചാടി ഗണിത ഗവേഷണ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. ഇനി സംഖ്യാധാരണ യാണ് രണ്ടാംഘട്ടം. വിദ്യാകിരണം മിഷനാണ് ഏകോപനം നിർവഹിക്കുന്നത്.

## വലിച്ചെറിയാതെ തിരിച്ചുതരൂ കാമ്പയിൻ

അത്തച്ചമയത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറയിൽ സംഘടിപ്പിച്ച 'വലിച്ചെറിയാതെ തിരിച്ചുതരൂ' കാമ്പയിൻ വിജയികൾക്ക് സമ്മാനവും വോളന്റിയർമാർക്കുള്ള സർട്ടിഫിക്കറ്റും വിതരണം ചെയ്തു. മാലിന്യം വലിച്ചെറിയാതെ സംസ്കരിക്കുന്നതു സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കാൻ ഹരിതകേരളം മിഷൻ,നഗരസഭ എന്നിവരുടെ നേതൃത്വത്തിലാണ് 'അത്തച്ചമയം ഹരിതചമയം' കാമ്പയിൻ സംഘടിപ്പിച്ചത്. ചെയർപേഴ്സൺ രമ സന്തോഷ് ചടങ്ങ് ഉദ്ഘാടനം ചെയ്തു.



## വടകര നഗരസഭ ജലബജറ്റ് മന്ത്രി എ. കെ. ശശീന്ദ്രൻ പ്രകാശനം ചെയ്തു

വടകര നഗരസഭയുടെ ജലബജറ്റ് പ്രകാശനം വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിച്ചു. നഗരസഭ ചെയർമാൻ കെ.പി. ബിന്ദു അധ്യക്ഷത വഹിച്ചു. നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദ് പദ്ധതി വിശദീകരണം നടത്തി. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് മാനേ ജ്മെന്റിന്റെ നിർവഹണ സഹായത്തോടെ യാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലബജറ്റ് തയ്യാറാക്കുന്നത്.

ജലബജറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി മുൻസിപ്പാലിറ്റിയിലെ ഒന്ന്, 47 എന്നീ വാർഡുകളിൽ കൂടി ഒഴുകുന്ന ആവി തോട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള നടപടി നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നീർത്തട നടത്തവും നടത്തി. തോടിലെ മാലിന്യം നീക്കുന്നതിന് പദ്ധതിയിൽ തുക



വകയിരുത്തി. മാലിന്യം നീക്കിയതിനു ശേഷം നവീകരണ പ്രവർത്തനം ആരംഭിക്കും. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ മികച്ച മാതൃകയായി മാറിയ വടകര നഗരസഭ ജലബജറ്റ് തയ്യാറാക്കിയതിലൂടെ ജലസംരക്ഷണ മേഖലയിലും മികച്ച മാതൃക സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ജനകീയ ജല ബജറ്റിലൂടെ ജലസംരക്ഷണ മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കും. പരിപാടിയിൽ വിവിധ രാഷ്ട്രീയ, സാമൂഹ്യപ്രവർത്തകർ, ഉദ്യോഗസ്ഥർ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി ടെക്നിക്കൽ അസിസ്റ്റന്റ്, നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺ, വിദ്യാർത്ഥികൾ, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## ഹരിതസമൃദ്ധി വാർഡ് പ്രഖ്യാപനം

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ വാർഡ് 15 (പഴങ്ങാനാട്) ഹരിതസമൃദ്ധി വാർഡായി പ്രസിഡന്റ് മിനി രതീഷ് പ്രഖ്യാപിച്ചു. വെണ്ട, മുളക്, പയർ, വഴുതന,വെള്ളരി തുടങ്ങിയ ഇനങ്ങളാണ് കൃഷിവകുപ്പിന്റെ സഹകരണത്തോടുകൂടി വീട്ടുകളിലേക്ക് നൽകിയത്. വാർഡിലെ 315 വീടുകളിലായി 1800 പച്ചക്കറി തൈകൾ നിലവിൽ വിതരണം ചെയ്ത് പരിപാലിച്ചു



പോരുന്നുണ്ട്. സ്വകാര്യ വ്യക്തി വിട്ടുകൊടുത്തിട്ടുള്ള 50 സെന്റ് സ്ഥലത്ത് 3000 ക്യാബേജ്, കോളിഫ്ലവർ തൈകളും പരിപാലിച്ചു വരുന്നു. വൈസ് പ്രസിഡന്റ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറി, അസി. സെക്രട്ടറി, കൃഷി ഓഫീസർ, പഞ്ചായത്ത് അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മാക്ഫെസ്റ്റ് കോളേജിനെ ഹരിത കാമ്പസായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ നിന്ന്. മാത്യു ടി. തോമസ് എം.എൽ.എ. സമീപം.



## തരിശു രഹിത ഗ്രാമവും ഹരിത സമൃദ്ധി വാർഡും വെളിയന്നൂർ ഒരുങ്ങുന്നു



കോട്ടയം വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്ന തരിശ് രഹിത ഗ്രാമം,ഹരിത സമൃദ്ധി വാർഡ് എന്നീ പദ്ധതികൾക്ക് വെളിയന്നൂർ പഞ്ചായത്തിൽ തുടക്കമായി.

32 ഏക്കർ വരുന്ന വെളിയന്നൂർ പാടത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നെൽ കൃഷി നടത്തുന്നതിന് വിത്ത് വിതച്ച്,തരിശ് രഹിത ഗ്രാമം പദ്ധതിക്കും,11-ാം വാർഡിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങൾക്കുമാണ് തുടക്കം കുറിച്ചിരിക്കുന്നത്.

പദ്ധതികളുടെ ഉദ്ഘാടനം വെളിയന്നൂർ പഞ്ചായത്ത് പ്രസിഡന്റ് സജേഷ് ശശി നിർവഹിച്ചു. നെൽകൃഷി സാധ്യതയുള്ള മുഴുവൻ പാടങ്ങളും കൃഷിയോഗ്യമാക്കി മാറ്റുകയാണ് തരിശു രഹിത ഗ്രാമം പദ്ധതിയുടെ ലക്ഷ്യം. 11-ാം വാർഡിലെ എല്ലാ വീടുകളിലും അഞ്ചു പച്ചക്കറി തൈകൾ എങ്കിലും ഉണ്ടായിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങളുമായി പഞ്ചായത്ത് മുൻപോട്ട് പോകുന്നത്. വീടുകളിൽ സർവേ ചെയ്യുന്നതിന് സർവ്വേ ഫോം ഹരിത കർമ സേനക്ക് കൊടുത്ത് സർവേ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു.



പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്കിലെ എലവഞ്ചേരി മിണക്കശ്ശേരിയിൽ ഫോറസ്റ്റ് ഏരിയയിൽ തൊഴിലുറപ്പും വനംവകുപ്പും സംയുക്തമായി നടത്തിയ ചെക്ക്ഡാം ആഴം കൂട്ടൽ പണികൾ 2023 നവംബർ 9 ന് പൂർത്തികരിച്ചു.

## ശുചിത്വ ഗ്രാമം നമ്മുടെ ഗ്രാമം

മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തും ഹരിതകേരളം മിഷനും, IRTC യും സംയുക്തമായി 2023 നവംബർ 16 മുതൽ എല്ലാ വാർഡിലും ശുചിത്വ ഗ്രാമോത്സവം സംഘടിപ്പിക്കുന്നു. ഓരോ വാർഡുകളിലും ഗ്രാമസഭകൾ സംഘടിപ്പിച്ച് മാലിന്യ പരിപാലനം ശാസ്ത്രീയമാക്കുന്നതിന് ജനകീയ പ്രചരണ സാക്ഷരതയ്ക്കായി പൊതുജനങ്ങളും, ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടക്കം കൈ കോർക്കുകയാണ്. മാലിന്യ സംസ്കരണം ശാസ്ത്രീയമായി നിർവഹിക്കുന്നതിനുള്ള ക്ലാസ്സുകളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനം കൈകൊള്ളുന്ന



നിയമനടപടി , ജൈവ-അജൈവ മാലിന്യ പരിപാലനം, ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെ അദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകി. 100% മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുകയാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നത്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന് ഗവേഷണത്തിൽ വലിയ പങ്ക് വഹിക്കാനാകും: മന്ത്രി വീണാ ജോർജ്



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന് ഗവേഷണത്തിൽ വലിയ പങ്ക് വഹിക്കാനാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കൊപ്പം രോഗാതുരത കുറയ്ക്കുന്നതിന് ആവശ്യമായ ഗവേഷണം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിൽ ലോക പ്രമേഹദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധത്തിനായി ആർദ്രം ആരോഗ്യം കാമ്പയിൻ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രമേഹം, രക്താതിമർദം തുടങ്ങിയവയുള്ളവരെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാൻ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി വരുന്നു. ഇതുവരെ ആകെ ഒന്നര കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി. ഇതിൽ നിലവിൽ രക്താതിമർദമുള്ള 16.21 ലക്ഷം പേരുടേയും പ്രമേഹമുള്ള 13.12 ലക്ഷം പേരുടേയും ഇവ രണ്ടുമുള്ള 6.15 ലക്ഷം പേരുടേയും വിവരങ്ങൾ ശേഖരിച്ച് പരിശോധനകളും തുടർ ചികിത്സയും ഉറപ്പാക്കി വരുന്നു.

## സ്കൂൾ ദുരന്തനിവാരണ ക്ലബ് രൂപീകരണം

സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിന് ആരംഭിക്കുന്ന ദുരന്ത നിവാരണ ക്ലബ്ബുകളുടെ എറണാകുളം ജില്ലാതല ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. ജില്ലയിലെ മുപ്പത്തടം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് അധ്യക്ഷത




വഹിച്ചു. ജില്ലാ പഞ്ചായത്ത്, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ജില്ലാ പ്ലാനിംഗ് കമ്മിറ്റി, കില, വിദ്യാഭ്യാസം, ആരോഗ്യം, അഗ്നിശമന സേന, എക്സൈസ്, കേരളാ പോലീസ്, ഹരിതകേരളം മിഷൻ എന്നീ വകുപ്പുകളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

ആദ്യഘട്ടത്തിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന 58 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 800 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി ദുരന്ത നിവാരണ വോളന്റിയർമാരായി തിരഞ്ഞെടുക്കും. തുടർന്ന് ജില്ലയിലെ എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.എസ്.ഇ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കും.

## വാഴത്തോപ്പ് മണിയാറൻകുടിയിൽ ജലബജറ്റ്-നീരുറവ് നീർത്തടാധിഷ്ഠിത പദ്ധതി

ഹരിതകേരളം മിഷന്റെ ഭാഗമായ ജലസംരക്ഷണം ജില്ലാതല സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചനം, കൃഷി, മണ്ണ് - ജല സംരക്ഷണം, മണ്ണ് പര്യവേക്ഷണം, ജലസേചനം, ഭൂഗർഭജലം തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെ നടത്തുന്ന ജല



ബജറ്റ് - നീരുറവ് നീർത്തടാധിഷ്ഠിത പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. ഹരിതകേരളം മിഷൻ ജലബജറ്റ് തയ്യാറാക്കിയിട്ടുള്ള ഇടുക്കി വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ഏഴ്, ഒമ്പത്, 14 വാർഡുകളിൽ വരുന്ന മണിയാറൻകുടി നീർത്തടത്തിന്റെ നവീകരണ ഉദ്ഘാടനം ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജി ചന്ദ്രൻ നിർവഹിച്ചു.

# ചിറ്റുമല ചിറയിൽ ടൂറിസം പദ്ധതി

പ്രകൃതി രമണീയമായ ചിറ്റുമല ചിറയിലും അനുബന്ധ പാടശേഖരങ്ങളിലും നവീകരണവും അനുബന്ധ ടൂറിസം പദ്ധതികളും ആരംഭിച്ചു. നവകേരളം കർമപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തും കിഴക്കേകല്ലട ഗ്രാമപഞ്ചായത്തും സംയുക്തമായാണ് ചിറ്റുമല ചിറയിലെ ഉപവനം എന്ന പേരിൽ പദ്ധതി ആരംഭിച്ചത്. ടൂറിസം പദ്ധതിയുടെ ഉദ്ഘാടനം കുന്നത്തൂർ നിയോജക മണ്ഡലം എം.എൽ.എ കോവൂർ കുഞ്ഞുമോൻ നിർവഹിച്ചു.

വിനോദസഞ്ചാരം, കൃഷി എന്നിവ മുൻനിർത്തി ആദ്യഘട്ടത്തിൽ ചിറയുടെ തീരത്ത് നടപ്പാത/ സൈക്കിൾ പാത്ത് നിർമ്മാണവും, നടപ്പാതയുടെ സൗന്ദര്യവൽക്കരണവും ഉയർന്ന പാടശേഖരങ്ങളിൽ പുഷ്പകൃഷിയും ആരംഭിക്കുകയാണ്. ചിറ്റുമല ചെമ്പ് പാടശേഖരത്തിന് സമീപം നടന്ന ചടങ്ങിൽ പദ്ധതിയുടെ ഭാഗമായ പുഷ്പകൃഷിയുടെ ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷയുമായ ഡോ.ടി.എൻ.സീമ നിർവഹിച്ചു. നടപ്പാത/ സൈക്കിൾ പാതയുടെ നിർമ്മാണോദ്ഘാടനം ചിറ്റുമല ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ജയദേവി മോഹനും, നടപ്പാതയുടെ സൗന്ദര്യവത്കരണത്തിന്റെ ഉദ്ഘാടനം കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ഉമാദേവി അമ്മയും നിർവഹിച്ചു.

തൊഴിലുറപ്പ് പദ്ധതി പ്രകാരമാണ് നടപ്പാത, സൈക്കിൾ പാത്ത് എന്നിവയുടെ നിർമ്മാണവും, താമരകൃഷിക്കുള്ള നിലം ഒരുക്കലും നടത്തുന്നത്. കൃഷി വകുപ്പിന്റെ സബ്സിഡിയോടെയാണ് താമരകൃഷി നടത്തുന്നത്. ആദ്യഘട്ട പ്രവർത്തനത്തിന് തുടർച്ചയായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം അനുബന്ധ പദ്ധതികളും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in